TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August 01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 01.08.2025

## Appointment

- 2025 ആഗസ്റ്റിൽ കരസേന ഉപമേധാവിയായി ചുമതലയേൽക്കുന്നത്

  **ലെഫ്. ജനറൽ പുഷ്പേന്ദ്ര സിംഗ്**

  - കരസേന മേധാവി - **ഉപേന്ദ്ര ദ്വിവേദി**
  - വ്യോമസേന മേധാവി - **അമർ പ്രീത് സിംഗ്**
  - നാവികസേന മേധാവി - **ദിനേഷ് കുമാർ ത്രിപാഠി**
- 2025 ജൂലൈയിൽ SSB ഡയറക്ടർ ജനറലായി നിയമിതനായത്

  **സഞ്ജയ് സിംഗാൾ**

  - 2025 സെപ്തംബറിൽ ചുമതലയേൽക്കും
  - 2028 ഡിസംബർ വരെ കാലാവധി
  - SSB - **Sashastra Seema Bal**

## National

- ഡോ. എം.എസ്. സ്വാമിനാഥനെ ആദരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജന്മദിനം സുസ്ഥിര കാർഷിക ദിനമായി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം

  **മഹാരാഷ്ട്ര**

  - ജനനം - **1925 ആഗസ്റ്റ് 7**
  - 2025 ൽ ജന്മശതാബ്ദി ആചരിക്കുന്നു
  - ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ്
  - ഐക്യരാഷ്ട്രസഭ അദ്ദേഹത്തെ സാമ്പത്തിക പരിസ്ഥിതിയുടെ പിതാവായി അംഗീകരിച്ചു.
  - ഭാരതരത്ന (2024, മരണാനന്തരം), പത്മ വിഭൂഷൺ (1989), പത്മ ഭൂഷൺ (1972), പത്മശ്രീ (1967) പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
  - അന്തരിച്ചത് - **2023 സെപ്തംബർ 28**
  - ദേശീയ കൈത്തറി ദിനം, ദേശീയ ജാവലിൻ ദിനം - **ആഗസ്റ്റ് 7**
- ഇന്ത്യയിലെ ആദ്യ ഹിന്ദി മീഡിയം എം.ബി.ബി.എസ് കോളേജ് നിലവിൽ വരുന്നത്

  **ജബൽപൂർ** (മധ്യപ്രദേശ്)

  - ആദ്യമായി ഹിന്ദിയിൽ എം.ബി.ബി.എസ് ടെക്സ്റ്റ് പുറത്തിറക്കിയ സംസ്ഥാനം - **മധ്യപ്രദേശ്**

## International

- അടുത്തിടെ ഇന്ത്യൻ ഉത്പന്നങ്ങൾക്ക് 25% ഇറക്കുമതി തീരുവ ചുമത്തിയ രാജ്യം

  **യു.എസ്.**

  - ആഗസ്റ്റ് 1 മുതലാണ് ഈ തീരുവ നിലവിൽ വരുന്നതെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു.
- 2025 ലോക ഹെപ്പറ്റൈറ്റിസ് ദിനത്തിന്റെ പ്രമേയം

  **Hepatitis : Let's Break It Down**

  - ലോക ഹെപ്പറ്റൈറ്റിസ് ദിനം - ജൂലൈ 28

- ദോഷകരമായ ഓൺലൈൻ കൺടന്റുകളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് യൂട്യൂബ് നിരോധിച്ച രാജ്യം

  **ആസ്ട്രേലിയ**

  - ഇതുപോലെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ടിക്ടോക്ക്, സ്നാപ്ചാറ്റ് തുടങ്ങിയ ഓൺലൈൻ മാധ്യമങ്ങൾക്കും നിരോധനമേർപ്പെടുത്തിയിരുന്നു.

- 2025 ജൂലൈയിൽ 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായ രാജ്യം

  **റഷ്യ**

  - ജപ്പാൻ, യു.എസ്. എന്നീ രാജ്യങ്ങളിലും ഭൂകമ്പം ബാധിച്ചു.
  - ഭൂകമ്പം ഉണ്ടായി മണിക്കൂറുകൾക്കകം റഷ്യയിലെ ക്ലുചെവ്സ്കോയ് അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു.

## Space

- നിസാർ വിക്ഷേപിച്ചത്

  **2025 ജൂലൈ 30**

  - GSLV-F16 റോക്കറ്റിൽ വിക്ഷേപിച്ചു
  - ഐ.എസ്.ആർ.ഒ. യും നാസയും ചേർന്ന് വികസിപ്പിച്ച ആദ്യ ഉപഗ്രഹം
  - NISAR - **NASA - ISRO Synthetic Aperture Radar**
  - ഭാരം - **2,392 കിലോഗ്രാം**
  - ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പാരിസ്ഥിതിക മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ ആഗോളതലത്തിൽ നൽകും.

## Sports

- 2025 ജൂലൈ റിപ്പോർട്ട് അനുസരിച്ച് ഐ.സി.സി. പുരുഷ T20 ബാറ്റിംഗ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയത്

  **അഭിഷേക് ശർമ** (ഇന്ത്യ)

  - വിരാട് കോലിക്കും സൂര്യകുമാർ യാദവിനും ശേഷം ഈ നേട്ടം സ്വന്തമാക്കുന്ന ഇന്ത്യൻ താരം

## Demise

- 2025 ജൂലൈയിൽ അന്തരിച്ച ബാർബി ഫാഷൻ ഡിസൈനർമാർ

  **Gianni Grossi, Mario Paglino**

## Today's MCQ

1. 2025-ൽ ബുക്ക് ബ്രഹ്മ സാഹിത്യ പുരസ്കാരം നേടിയത്

   (a) സാറാ ജോസഫ് (b) എസ്. ഹരീഷ്

   (c) കെ.ആർ. മീര (d) ഹരിത സാവിത്രി

2. ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കടുവ സാന്ദ്രതയിൽ മൂന്നാം സ്ഥാനത്തുള്ള ടൈഗർ റിസർവ്

   (a) കാസിരംഗ ടൈഗർ റിസർവ് (b) ബന്ദിപ്പൂർ ടൈഗർ റിസർവ്

   (c) ജിം കോർബറ്റ് ടൈഗർ റിസർവ് (d) നാഗാർജുന സാഗർ ടൈഗർ റിസർവ്

**Ans :** 1 **(c)**, 2 **(a)**

# TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
02



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 02.08.2025

## Appointment

- വിക്രം സാരാഭായ് സ്പെയ്സ് സെന്ററിന്റെ പുതിയ ഡയറക്ടർ

  **എ. രാജരാജൻ**

  - Dr.S. ഉണ്ണികൃഷ്ണൻ നായർ സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് നിയമനം
  - മുൻപ് സതീഷ് ധവാൻ സ്പെയ്സ് സെന്റർ ഡയറക്ടറായിരുന്നു.

## Book & Author

- എം.ടി. വാസുദേവൻ നായരുടെ ജീവചരിത്രത്തിന്റെ രചയിതാവ്

  **കെ. ശ്രീകുമാർ**

  - 2025 ആഗസ്റ്റിൽ പ്രകാശനം ചെയ്യും
  - എം.ടി. അന്തരിച്ചത് - **2024 ഡിസംബർ 25**
  - എം.ടി.ക്ക് 2025-ൽ പത്മവിഭൂഷൺ ബഹുമതി ലഭിച്ചു.

## Award

- 2025-ൽ ചട്ടമ്പിസ്വാമി ജയന്തി പുരസ്കാരത്തിന് അർഹനായത്

  **ഗോകുലം ഗോപാലൻ**

  - ചട്ടമ്പിസ്വാമി സാംസ്കാരിക സമിതിയുടെ പുരസ്കാരമാണിത്.
  - സമ്മാനത്തുക - **25000 രൂപ**
  - പ്രഥമ ആറാട്ടുപുഴ വേലായുധ പണിക്കർ പുരസ്കാരവും ഗോകുലം ഗോപാലനായിരുന്നു.
  - ചട്ടമ്പിസ്വാമി ജയന്തി - **ആഗസ്റ്റ് 25**

## National

- പ്രതിരോധ ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സമഗ്രമായ നിയമ സഹായം നൽകുന്നതിനായി നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി (NALSA)ആരംഭിച്ച പദ്ധതി

  **വീർ പരിവാർ സഹായത യോജന**

- അടുത്തിടെ കർണാടകയിലെ സ്ത്രീയിൽ കണ്ടെത്തിയ ബ്ലഡ് ഗ്രൂപ്പ്

  **CRIB**

  - കർണാടകയിലെ കോലാറിൽ നിന്നുള്ള സ്ത്രീയിലാണ് ഇത് സ്ഥിരീകരിച്ചത്.
  - ക്രോമർ ബ്ലഡ് ഗ്രൂപ്പ് സിസ്റ്റത്തിന്റെ ഭാഗമാണിത്.
  - CR ക്രോമറിനെയും I ഇന്ത്യയെയും B ബംഗളൂരുവിനെയും സൂചിപ്പിക്കുന്നു.
  - ലോകത്തിലാദ്യമായാണ് ഈ രക്തഗ്രൂപ്പ് കണ്ടെത്തുന്നത്.

## International

- അടുത്തിടെ ഇലോൺ മസ്ക് പ്രഖ്യാപിച്ച ശിശുസൗഹൃദ എ.ഐ. ചാറ്റ്ബോട്ട്

  **ബേബി ഗ്രോക്ക്**

- അടുത്തിടെ രാജിവച്ച് ലിത്വാനിയൻ പ്രധാനമന്ത്രി

**Gintautas Paluckas**

## Space

- 2025-ൽ വിക്ഷേപണത്തിന് തൊട്ടുപിന്നാലെ പൊട്ടിത്തെറിച്ച ഓസ്ട്രേലിയയുടെ റോക്കറ്റ്

**Eris**

  - ഓസ്ട്രേലിയ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ റോക്കറ്റാണിത്

## Sports

- ഒരു ടെസ്റ്റ് പരമ്പരയിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ ഇന്ത്യൻ ക്യാപ്റ്റൻ

**ശുഭ്മാൻ ഗിൽ**

  - സുനിൽ ഗവാസ്കറിനെ മറി കടന്നു.

- 2025 ജൂലൈ വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം വനിത ഏകദിന ബാറ്റർമാരുടെ റാങ്കിംഗിൽ ഒന്നാമതുള്ളത്

**Natalie Sciver Brunt**

  - സ്മൃതി മന്ദാന - രണ്ടാം സ്ഥാനം

## Demise

- 2025-ൽ മരണപ്പെട്ട ജർമ്മൻ ബയാത്‌ലറ്റ്

**Laura Dahlmeier**

  - കാരക്കോറത്തിന്റെ ഭാഗമായ ലാലിയ കൊടുമുടി (പാകിസ്ഥാൻ) കയറുന്നതിനിടയിലായിരുന്നു അപകടം.
  - 2018 വിന്റർ ഒളിംപിക്സിൽ 2 സ്വർണവും 1 വെങ്കലവും നേടി.

## Today's MCQ

1. 2025 ആഗസ്റ്റിൽ കരസേന ഉപമേധാവിയായി ചുമതലയേൽക്കുന്നത്

   (a) പുഷ്പേന്ദ്ര സിംഗ് (b) ഉപേന്ദ്ര ദ്വിവേദി

   (c) അമർ പ്രീത് സിംഗ് (d) ദിനേഷ് കുമാർ ത്രിപാഠി

2. ഡോ. എം.എസ്. സ്വാമിനാഥനെ ആദരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജന്മദിനം സുസ്ഥിര കാർഷിക ദിനമായി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം

   (a) രാജസ്ഥാൻ (b) തെലങ്കാന

   (c) മഹാരാഷ്ട്ര (d) ഗുജറാത്ത്

**Ans :** 1 **(a)**, 2 **(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
03




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 03.08.2025

## Appointment

- 2025 ആഗസ്റ്റിൽ കരസേനയുടെ ദക്ഷിണ ഭാരത മേഖലയുടെ കമാൻഡിങ് ജനറൽ ഓഫീസറായി ചുമതലയേറ്റത്

  **വി. ശ്രീഹരി**

  - തമിഴ്നാട്, കർണാടക, കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളും പുതുച്ചേരി, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണപ്രദേശങ്ങളും ചേരുന്നതാണ് ദക്ഷിണമേഖല.

- 2025 ആഗസ്റ്റിൽ സീനിയർ പുരുഷ നാഷണൽ ഫുട്ബോൾ ടീം മുഖ്യ പരിശീലകനായി നിയമിതനായത്

  **ഖാലിദ് ജാമിൽ**

  - 13 വർഷങ്ങൾക്ക് ശേഷമാണ് ഇന്ത്യ ഫുട്ബോൾ ടീമിന് ഇന്ത്യൻ ക്യാപ്റ്റനെ ലഭിക്കുന്നത്.

## Kerala

- ഉപയോഗിച്ച ചെരുപ്പുകൾ തിരിച്ചെടുക്കുന്ന വി.കെ.സി.യുടെ പോസ്റ്റ് കൺസ്യൂമർ പാദരക്ഷ സംസ്കരണ പദ്ധതി

  **സീറോ ഫുട്മാർക്സ്**

  - ശുചിത്വ മിഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.
  - തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലാണ് ആദ്യം നടപ്പിലാക്കുക.

- ഇ.എം.എസ്. സ്മൃതി ഡിജിറ്റൽ മ്യൂസിയം നിലവിൽ വരുന്നത്

  **കേരള നിയമസഭ**

  - നിർമ്മാണോദ്ഘാടനം നിർവഹിച്ചത് – **സ്പീക്കർ എ.എൻ. ഷംസീർ**

- ഗാന്ധി ജയന്തി മുതൽ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് കുപ്പി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്

  **കേരള ഹൈക്കോടതി**

  - വിവാഹച്ചടങ്ങുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലും മൂന്നാർ ഉൾപ്പെടെ 10 മലയോര വിനോദസഞ്ചാര കേന്ദ്രങ്ങളിലുമാണ് കോടതിയുടെ ഉത്തരവ് പ്രകാരമുള്ള നിരോധനം

## Awards

- **71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം 2023**
  - മികച്ച ചിത്രം – **12th ഫെയിൽ** (സംവിധാനം – വിധു വിനോദ് ചോപ്ര)
  - മികച്ച നടൻ – **ഷാരൂഖ് ഖാൻ** (ജവാൻ)
    – **വിക്രാന്ത് മാസി** (12th ഫെയിൽ)
  - മികച്ച നടി – **റാണി മുഖർജി** (മിസിസ് ചാറ്റർജി V/s നോർവേ)
  - മികച്ച സംവിധായകൻ – **സുദീപ്തോ സെൻ** (ദ കേരള സ്റ്റോറി)

- ജനപ്രിയ ചിത്രം - **റോക്കി ഔർ റാണി കി പ്രേം കഹാനി**
  (ഹിന്ദി ചിത്രം, സംവിധാനം - കരൺ ജോഹർ)
- മികച്ച സഹനടൻ - **വിജയ രാഘവൻ** (പൂക്കാലം)
  - **മുത്തുപ്പേട്ടൈ സോമു ഭാസ്കരൻ** (പാർക്കിംഗ്)
- മികച്ച സഹനടി - **ഉർവശി** (ഉള്ളൊഴുക്ക്)
  - **ജാനകി ബോഡിവാലാ** (വാശ്)
- മികച്ച ഗായകൻ - **P.V.N.S രോഹിത്** (ബേബി)
- മികച്ച ഗായിക - **ശിൽപ റാവു** (ജവാൻ)
- സംഗീത സംവിധായകൻ - **G.V പ്രകാശ് കുമാർ**
- പശ്ചാത്തല സംഗീതം - **ഹർഷവർദ്ധൻ രാമേശ്വർ**
- സംഘട്ടനം - **നന്ദു പൃഥ്വി**
- എഡിറ്റിംഗ് - **മിഥുൻ മുരളി** (പൂക്കാലം)
- മലയാള ചിത്രം - **ഉള്ളൊഴുക്ക്**
- തമിഴ് ചിത്രം - **പാർക്കിംഗ്**
- തെലുങ്ക് ചിത്രം - **ഭഗവന്ത് കേസരി**
- കന്നഡ ചിത്രം - **Kandeelu The Ray of Hope**
- ഹിന്ദി ചിത്രം - **കാതൽ : എ ജാക്ക്ഫ്രൂട്ട് മിസ്ട്രി**
- മികച്ച പ്രൊഡക്ഷൻ ഡിസൈനർ - **മോഹൻദാസ്** (2018)
- പ്രത്യേക പരാമർശം (നോൺ ഫീച്ചർ ഫിലിം) - **നെകൽ - ക്രോണിക്കിൾ ഓഫ് ദി പാഡി മാൻ**

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച മലയാള ചലച്ചിത്ര നടൻ

  **കലാഭവൻ നവാസ്**

  - മിമിക്രിയിലൂടെ കലാരംഗത്തെത്തിയ നവാസ് കലാഭവനിൽ ചേർന്നതോടെയാണ് പ്രശസ്തനായത്

## Today's MCQ

1. വിക്രം സാരാഭായ് സ്പെയ്സ് സെന്ററിന്റെ പുതിയ ഡയറക്ടർ

   (a) വി. നാരായണൻ (b) എ. രാജരാജൻ

   (c) എസ്. ഉണ്ണികൃഷ്ണൻ (d) എസ്. സോമനാഥ്

2. 2025-ൽ ചട്ടമ്പിസ്വാമി ജയന്തി പുരസ്കാരത്തിന് അർഹനായത്

   (a) ഭുവനേശ്വരി (b) എസ്. സോമനാഥ്

   (c) ഗോകുലം ഗോപാലൻ (d) പി.എസ്. ശ്രീധരൻപിള്ള

**Ans :** 1 **(b)**, 2 **(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
04-05




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- സതീഷ് ധവാൻ സ്പെയ്സ് സെന്ററിന്റെ പുതിയ ഡയറക്ടർ

  **ഇ.എസ്. പത്മകുമാർ**

  - VSSC ഡയറക്ടർ - **എ. രാജരാജൻ**
  - ISRO ചെയർമാൻ - **വി. നാരായണൻ**

## Kerala

- 2025-ൽ കേരള ഫിലിം പോളിസി കോൺക്ലേവിന്റെ വേദിയായത്

  **തിരുവനന്തപുരം**

## Awards

- **2025-ലെ കോഴിക്കോട് കോർപ്പറേഷന്റെ സാഹിത്യ നഗരം പുരസ്കാരം**
  - സമഗ്ര സംഭാവന - **സാറാ ജോസഫ്**
  - വനിതാ എഴുത്തുകാരിയ്ക്കുള്ള പുരസ്കാരം - **ആർ. രാജശ്രീ**

    (കൃതി - ആത്രേയകം)
  - ബാലസാഹിത്യം - **സന്തോഷ് ഏച്ചിക്കാനം** (മിസാറു)
  - യുവ എഴുത്തുകാരൻ - **ആദി** (ആദർശ്.ഇ) (പെണ്ണപ്പൻ)
  - മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികൾക്കുള്ള പുരസ്കാരം

    - **ജെ. ഗോപാല കൃഷ്ണൻ** (തേജോ തുംഗഭദ്ര)
  - മലയാളത്തിൽ നിന്ന് ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികൾക്കുള്ള പുരസ്കാരം - **എ.ജെ. തോമസ്** (ദി ഗ്രേറ്റസ്റ്റ് മലയാളം സ്റ്റോറീസ് എവർ ടോൾഡ്)

## National

- അടുത്തിടെ തുറന്ന വനാഖ - ഹാ റോഡ് സ്ഥിതി ചെയ്യുന്ന രാജ്യം

  **ഭൂട്ടാൻ**

  - ഇന്ത്യൻ ബോർഡർ റോഡ്സ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണിത്.

## Defence

- ഇന്ത്യൻ വ്യോമസേനയ്ക്കായി സ്പെയിനിൽ നിന്ന് വാങ്ങുന്ന സി- 295 വിമാനങ്ങളിൽ അവസാന ത്തേതും ഇന്ത്യ കൈപ്പറ്റി

## Sports

- 2025 വനിത കോപ്പ അമേരിക്ക ജേതാക്കൾ

  **ബ്രസീൽ**

  - ബ്രസീലിന്റെ തുടർച്ചയായ 5-ാം കിരീടം, ആകെ 9 കിരീടങ്ങൾ
  - റണ്ണറപ്പ് - **കൊളംബിയ**
  - വേദി - **ഇക്വഡോർ**
  - 2024 പുരുഷ കോപ്പ അമേരിക്ക ജേതാക്കൾ - **അർജന്റീന**
  - 2024 പുരുഷ യൂറോ കപ്പ് ജേതാക്കൾ - **സ്പെയിൻ**
  - 2025 വനിത യൂറോ കപ്പ് ജേതാക്കൾ - **ഇംഗ്ലണ്ട്**

- 2025 വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് ക്രിക്കറ്റിൽ കിരീടം നേടിയത്

  **ദക്ഷിണാഫ്രിക്ക**

  - റണ്ണറപ്പ് - **പാകിസ്ഥാൻ**
  - ഫൈനലിലെ താരവും ടൂർണമെന്റിലെ താരവും എ.ബി. ഡിവില്ലിയേഴ്സ്

- ദിവ്യ ദേശ്മുഖിന് മഹാരാഷ്ട്ര സർക്കാർ നൽകിയ സമ്മാനത്തുക

  **3 കോടി**

  - 2025 വനിത ചെസ് ലോകകപ്പ് കിരീടം നേടിയത് ദിവ്യ ദേശ്മുഖാണ്
  - ഫൈനലിൽ കൊനേരു ഹംപിയെ പരാജയപ്പെടുത്തി.

- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ 6000 റൺസ് നേടിയ ആദ്യ താരം

  **ജോ റൂട്ട്**

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച മലയാള സാഹിത്യകാരൻ

  **എം.കെ. സാനു**

  - ജനനം - **1928 ഒക്ടോബർ 27**
  - മരണം - **2025 ആഗസ്റ്റ് 2**
  - മുഴുവൻ പേര് - **മംഗലത്ത് കേശവൻ സാനു**
  - ആത്മകഥ - **കർമ്മഗതി**
  - 1987 നിയമസഭ തിരഞ്ഞെടുപ്പിൽ എറണാകുളം മണ്ഡലത്തിൽ നിന്നു വിജയിച്ചു

- **പ്രധാന പുരസ്കാരങ്ങൾ**
  - കേരള ജ്യോതി പുരസ്കാരം (2024)
  - എഴുത്തച്ഛൻ പുരസ്കാരം (2013)
  - കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (2011, കൃതി - **ബഷീർ ഏകാന്തവീഥിയിലെ അവധൂതൻ)**
  - പത്മപ്രഭ പുരസ്കാരം - **2011**
  - കേരള സാഹിത്യ അക്കാദമി സമഗ്ര സംഭാവന പുരസ്കാരം (2002)
  - വയലാർ അവാർഡ് (1992), കൃതി - **ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം**
  - കേരള സാഹിത്യ അക്കാദമി അവാർഡ് (1985, കൃതി - **അവധാരണം)**

**<u>പ്രധാന കൃതികൾ</u>**

- ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം
- ബഷീർ : ഏകാന്തവീഥിയിലെ അവധൂതൻ
- മൃത്യുഞ്ജയം കാവ്യജീവിതം (കുമാരനാശാനെക്കുറിച്ച്)
- ശ്രീനാരായണ ഗുരു
- സഹോദരൻ കെ. അയ്യപ്പൻ
- കേസരി ഒരു കാലഘട്ടത്തിന്റെ സൃഷ്ടാവ്
- യുക്തിവാദി - എം.സി. ജോസഫ്
- അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്
- അവധാരണം
- തപസ്വിനി അമ്മ : അബലകൾക്ക് ശരണമായി ജീവിച്ച പുണ്യവതി

- 2025-ൽ അന്തരിച്ച മുൻ ജാർഖണ്ഡ് മുഖ്യമന്ത്രി

**ഷിബു സോറൻ**

- 3 തവണ ജാർഖണ്ഡ് മുഖ്യമന്ത്രിയായിരുന്നു
- കേന്ദ്ര കൽക്കരി വകുപ്പ് മന്ത്രി പദവിയും വഹിച്ചു.
- നിലവിലെ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ പിതാവാണ്
- ജാർഖണ്ഡ് മുക്തി മോർച്ച പാർട്ടി സ്ഥാപിച്ചത് ഇദ്ദേഹമാണ്.

## <u>Today's MCQ</u>

1. 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം 2023 ൽ മികച്ച നടിക്കുള്ള പുരസ്കാരം നേടിയത്
   (a) റാണി മുഖർജി (b) ഉർവശി
   (c) കീർത്തി സുരേഷ് (d) പാർവതി
2. ഗാന്ധി ജയന്തി മുതൽ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് കുപ്പി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്
   (a) മദ്രാസ് ഹൈക്കോടതി (b) കേരള ഹൈക്കോടതി
   (c) മുംബൈ ഹൈക്കോടതി (d) സുപ്രീം ഹൈക്കോടതി

**Ans :** 1 **(a)**, 2 **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
06




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 06.08.2025

## Kerala

- കുറഞ്ഞ വിലയിൽ കുടുംബശ്രീ ഉത്പന്നങ്ങൾ ലഭ്യമാക്കുന്ന പദ്ധതി

  **ഹോംഷോപ്പ്**

  - ഹോം ഷോപ്പുകൾ ഇല്ലാത്ത സി.ഡി.എസുകളിലേക്കും സംവിധാനം വ്യാപിപ്പിക്കും.

- കേരളത്തിൽ കാർബൺ ന്യൂട്രൽ പദവി ലഭിക്കുന്ന ആദ്യ വീട്

  **മേട**

  - വേങ്ങേരിയിലെ 'മേട' എന്ന വീടിന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) കാർബൺ ന്യൂട്രൽ ഭവന പദവി നൽകി.
  - മേട കാർബൺ സന്തുലിത ഭവന റിപ്പോർട്ട് പ്രകാശനം ചെയ്തു.

- മഴയ്ക്ക് ശേഷമുള്ള മണ്ണിന്റെ ഗന്ധം സസ്യങ്ങളിൽ നിന്ന് ഉൽപാദിപ്പിച്ചുണ്ടാക്കുന്ന അത്തർ

  **ട്രോപ്പിക്കൽ സോയിൽ സെന്റ്**

  - തിരുവനന്തപുരത്തെ പാലോട് ജവഹർലാൽനെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഇവ ഉത്പാദിപ്പിച്ച് വിപണനം ചെയ്യാൻ ഒരുങ്ങുന്നത്.
  - ഉത്തർപ്രദേശിൽ വികസിപ്പിച്ചെടുത്ത വിലകൂടിയ 'മിട്ടി കാ അത്തർ' എന്നതിന് പകരമായി, താരതമ്യേന കുറഞ്ഞ ചെലവിൽ ഇത് വികസിപ്പിച്ചെടുക്കുന്നു

## Award

- 2025-ൽ പി.കെ. കാളൻ പുരസ്കാരത്തിന് അർഹനായത്

  **അതിയടം കുഞ്ഞിരാമപെരുവണ്ണാൻ**

  - തെയ്യം കലാകാരൻ
  - സമ്മാനത്തുക - **1 ലക്ഷം രൂപ**

## National

- അടുത്തിടെ വംശനാശഭീഷണി നേരിടുന്ന ഏഷ്യൻ ഭീമൻ ആമയെ എത്തിച്ച നാഗാലാന്റിലെ കമ്മ്യൂണിറ്റി റിസർവ്

  **സെലിയാങ് കമ്മ്യൂണിറ്റി റിസർവ്**

  - നാഗാലാൻഡിലെ പെരെൻ ജില്ലയിലാണ് ഈ കമ്മ്യൂണിറ്റി റിസർവ് സ്ഥിതി ചെയ്യുന്നത്. നാഗാലൻഡ് സുവോളജിക്കൽ പാർക്കിൽ നിന്നുള്ള ആമകളെയാണ് റിസർവിൽ വിട്ടയച്ചത്

- പ്രഥമ BIMSTEC ട്രെഡീഷണൽ മ്യൂസിക് ഫെസ്റ്റിവലിന്റെ വേദി

  **ന്യൂഡൽഹി**

## International

- 2025-ൽ യു.കെ.യിൽ വീശിയ കൊടുങ്കാറ്റ്

  **ഫ്ളോറിസ്**

## Science & Technology

◆ എമർജൻസി വെഹിക്കിൾ പ്രയോറിറ്റി സിസ്റ്റം വികസിപ്പിക്കുന്നതിനായി നാറ്റ്പാക്കുമായി സഹകരിച്ച സ്ഥാപനം

**കെൽട്രോൺ**

❖ ട്രാഫിക് സിഗ്നലുകളിൽ ആംബുലൻസുകൾ, ഫയർ എഞ്ചിനുകൾ തുടങ്ങിയ അടിയന്തര വാഹനങ്ങൾക്ക് കാത്തുനിൽക്കേണ്ടി വരാതെ സ്വമേധയ സിഗ്നലുകൾ മാറുന്ന സംവിധാനമാണിത്.

## Space

◆ ഇന്ത്യൻ സ്റ്റാർട്ടപ്പായ ധ്രുവ സ്പേസ് വിക്ഷേപിക്കാൻ ഒരുങ്ങുന്ന ഉപഗ്രഹം

**LEAP-1**

❖ സ്പേസ് എക്സിന്റെ ഫാൽക്കൺ 9-റോക്കറ്റിലാണ് വിക്ഷേപണം

❖ ഇന്തോ-ഓസ്ട്രേലിയൻ-അമേരിക്കൻ സഹകരണത്തോടെയാണ് വിക്ഷേപണം

## Sports

◆ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയിൽ മത്സരിക്കുന്ന ടീമുകൾ

**ഇംഗ്ലണ്ട്, ഇന്ത്യ**

❖ പേര് നൽകിയതിന് ശേഷമുള്ള ആദ്യ മത്സരമാണ് 2025-ൽ നടന്നത്.

❖ 2025-ലെ മത്സരം സമനിലയിൽ അവസാനിച്ചു

◆ ലോക അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിലെ ഏറ്റവും പ്രായം കുറഞ്ഞ മെഡൽ ജേതാവ്

**Yu Zidi** (ചൈന)

❖ 2025-ൽ സിംഗപ്പൂരിൽ നടന്ന ലോക അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിലാണ് മെഡൽ സ്വന്തമാക്കിയത്

◆ 2027 കോമൺവെൽത്ത് യൂത്ത് ഗെയിംസിന്റെ വേദി

**മാൾട്ട**

## Demise

◆ 2025 ആഗസ്റ്റിൽ അന്തരിച്ച മലയാള ചലച്ചിത്രനടൻ

**ഷാനവാസ്**

❖ ചലച്ചിത്രനടൻ പ്രേംനസീറിന്റെ മകനാണ് അദ്ദേഹം.

## Today's MCQ

1. സതീഷ് ധവാൻ സ്പെയ്സ് സെന്ററിന്റെ പുതിയ ഡയറക്ടർ

(a) വി. നാരായണൻ (b) ഇ.എസ്. പത്മകുമാർ

(c) എ. രാജരാജൻ (d) എസ്. ഉണ്ണികൃഷ്ണൻ

2. 2025 വനിത കോപ്പ അമേരിക്ക ജേതാക്കൾ

(a) അർജന്റീന (b) കൊളംബിയ

(c) ചിലി (d) ബ്രസീൽ

**Ans :** 1 **(b)**, 2 **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 07.08.2025

## Important Days

- **ആഗസ്റ്റ് 7 - ദേശീയ കൈത്തറി ദിനം**
  - കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി 2015 മുതൽ ദേശീയ കൈത്തറി ദിനം ആചരിക്കുന്നു.
  - 2025 കൈത്തറി ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 1 മുതൽ 7 വരെ നീണ്ടു നിന്ന കാമ്പയിൻ

    **Know Your Weaves**
  - 2015-ൽ ആദ്യ കൈത്തറി ദിനം ഉദ്ഘാടനം ചെയ്തത്

    **നരേന്ദ്ര മോദി** (വേദി - ചെന്നൈ)
- **ആഗസ്റ്റ് 7 - ദേശീയ ജാവലിൻ ദിനം**
  - 2020 ടോക്കിയോ ഒളിംപിക്സ് ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വർണം നേടിയതിന്റെ ഓർമ്മയ്ക്ക് ആഗസ്റ്റ് 7 ജാവലിൻ ദിനമായി ആചരിക്കുന്നു.
  - നീരജ് ചോപ്ര സ്വർണം നേടിയത് - **2021 ആഗസ്റ്റ് 7**

## Book & Author

- കേരളത്തിലാദ്യമായി പുറത്തിറങ്ങുന്ന കുമ്മറ-മലയാളം നിഘണ്ടുവിന്റെ പേര്

  **സ്വമ്മ്** (അർത്ഥം - **നിധി**)
  - ലിപിയില്ലാത്ത ഭാഷയാണിത്
  - ബാബു കക്കോടിയാണ് ഇത് തയ്യാറാക്കുന്നത്
  - കുംഭാര സമുദായത്തിനിടയിൽ പ്രചാരത്തിലുള്ള ഭാഷയാണിത്.

## National

- ഏറ്റവും കൂടുതൽ കാലം കേന്ദ്ര ആഭ്യന്തരമന്ത്രി പദത്തിലിരുന്ന വ്യക്തി

  **അമിത് ഷാ**
  - എൽ.കെ. അദ്വാനിയുടെ റെക്കോഡ് മറികടന്നു.
  - 2019-2024, 2024 മോദി മന്ത്രിസഭകളിൽ ആഭ്യന്തരമന്ത്രി
- 2025 ആഗസ്റ്റിൽ മിന്നൽപ്രളയമുണ്ടായ ഉത്തരാഖണ്ഡിലെ ഗ്രാമം

  **ധരാലി**
  - ഉത്തരാഖണ്ഡിലെ ഉത്തർകാശി ജില്ലയിലാണ് ഗ്രാമം സ്ഥിതി ചെയ്യുന്നത്.
  - മേഘ വിസ്ഫോടനത്തെ തുടർന്ന് ഖിർഗംഗ നദിയിലുണ്ടായ അമിത ജലപ്രവാഹമാണ് ഈ പ്രളയത്തിന് കാരണം.
- സ്വന്തമായി ഗ്രീൻ ഹൈഡ്രജൻ സ്റ്റേഷനുള്ള ലോകത്തെ ആദ്യ വിമാനത്താവളം

  **സിയാൽ**
  - ദക്ഷിണേന്ത്യയിലെ ആദ്യ ഗ്രീൻ ഹൈഡ്രജൻ സ്റ്റേഷൻ കൂടിയാണ് സിയാലിലേത്

- 2025 ആഗസ്റ്റിൽ ഇന്ത്യ സന്ദർശിച്ച ഫിലിപ്പീൻസ് പ്രസിഡന്റ്

**Ferdinand Marcos Jr.**

- ഡോ. എം.എസ്. സ്വാമിനാഥൻ ജന്മശതാബ്ദി കോൺഫറൻസ് വേദി

**ന്യൂഡൽഹി**

  - ഉദ്ഘാടകൻ - **നരേന്ദ്രമോദി**
  - 1925 ആഗസ്റ്റ് 7-ന് സ്വാമിനാഥൻ ജനിച്ചു
  - 2023 സെപ്റ്റംബർ 28-ന് അന്തരിച്ചു

- ഇന്ത്യയിലെ ആദ്യത്തെ AI അധിഷ്ഠിത അംഗൻവാടി നിലവിൽ വന്ന സംസ്ഥാനം

**മഹാരാഷ്ട്ര**

## Sports

- പ്രഥമ ചെസ് ഇ-സ്പോർട്സ് ലോകകപ്പ് ജേതാവ്

**മാഗ്നസ് കാൾസൺ**

  - വേദി - **റിയാദ്**

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച മുൻ ജമ്മു-കാശ്മീർ ഗവർണർ

**സത്യപാൽ മാലിക്**

  - ഗോവ, ബീഹാർ, ഒഡീഷ, മേഘാലയ എന്നീ സംസ്ഥാനങ്ങളുടെ ഗവർണർ, രാജ്യസഭാംഗം എന്നീ പദവികൾ വഹിച്ചു.
  - ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയ സമയം ജമ്മു & കാശ്മീർ ഗവർണർ (2019 ആഗസ്റ്റ് 5)

- 2025 ആഗസ്റ്റിൽ അന്തരിച്ച മുൻ മുംബൈ സിറ്റി പരിശീലകൻ

**Jorge Costa**

## Today's MCQ

1. 2025-ൽ യു.കെ.യിൽ വീശിയ കൊടുങ്കാറ്റ്

   (a) ആൻഡ്രിയ (b) ബാരി

   (c) ഫ്ളോറിസ് (d) ഇയോവിൻ

2. ലോക അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിലെ ഏറ്റവും പ്രായം കുറഞ്ഞ മെഡൽ ജേതാവായ Yu Zidi ഏത് രാജ്യക്കാരനാണ്?

   (a) ചൈന (b) ക്യൂബ

   (c) ജപ്പാൻ (d) മ്യാൻമർ

**Ans :** 1 **(c)**, 2 **(a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
08





FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 08.08.2025

## Kerala

- ഇരവികുളം വന്യജീവി സങ്കേതത്തിന്റെ 50-ാം വാർഷികത്തിന്റെ ഭാഗമായി നടത്തിയ വരയാടുകളുടെ സംയുക്ത കണക്കെടുപ്പ് പ്രകാരം ആകെ വരയാടുകളുടെ എണ്ണം

  **2668**

  - കേരളത്തിലേയും തമിഴ്നാട്ടിലേയും വനമേഖലകളിലാണ് കണക്കെടുപ്പ് നടത്തിയത്.
  - 1365 എണ്ണം കേരളത്തിലും 1303 എണ്ണം തമിഴ്നാട്ടിലുമാണ് റിപ്പോർട്ട് ചെയ്തത്.
  - ഏറ്റവും കൂടുതൽ വരയാടുകൾ ഉള്ള വന്യജീവി സങ്കേതം - **ഇരവികുളം നാഷണൽ പാർക്ക്**
  - 1975-ലാണ് ഇരവികുളം ഒരു വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്
- 2025 വർണ്ണപ്പകിട്ട് ട്രാൻസ്ജെൻഡർ കലോത്സവത്തിന്റെ വേദി

  **കോഴിക്കോട്**

  - സാമൂഹിക നീതി വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടിയാണ് വർണ്ണപ്പകിട്ട്

## National

- വിൻ ഫാസ്റ്റിന്റെ ഇന്ത്യയിലെ ആദ്യ ഇലക്ട്രിക് വാഹന നിർമ്മാണ പ്ലാന്റ് സ്ഥാപിതമായത്

  **തൂത്തുക്കുടി** (തമിഴ്നാട്)

  - തമിഴ്നാട് മുഖ്യമന്ത്രി M.K. സ്റ്റാലിൻ ഉദ്ഘാടനം ചെയ്തു.
  - വിയറ്റ്നാമീസ് ഇലക്ട്രിക് വാഹന നിർമ്മാതാക്കളാണ് വിൻഫാസ്റ്റ്
- 'പി 4- സീറോ പോവർട്ടി' എന്ന പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

  - 2029-ഓടെ ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്
  - ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - **ചന്ദ്രബാബു നായിഡു**
- കർത്തവ്യ ഭവൻ ഉദ്ഘാടനം ചെയ്യപ്പെട്ടത്

  **2025 ആഗസ്റ്റ് 6**

  - പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.
  - മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിൽ കാര്യക്ഷമതയോടെ കൊണ്ടുവരുന്നതിനായി സെൻട്രൽ വിസ്ത പദ്ധതിയുടെ ഭാഗമായാണ് മന്ദിര സമുച്ചയം നവീകരിച്ചത്.
  - ആദ്യം ഉദ്ഘാടനം ചെയ്തത് കർത്തവ്യ ഭവൻ 3 ആണ്
- 'ഒരു മാസത്തിനുള്ളിൽ ഒരു സിറ്റിസൺ എൻഗേജ്മെന്റ് പ്ലാറ്റ്ഫോമിൽ ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്തു' എന്നതിനുള്ള ഗിന്നസ് വേൾഡ് റെക്കോർഡ് നേടിയ പരിപാടി

  **പരീക്ഷ പേ ചർച്ച**

  - 2018-ൽ ആരംഭിച്ച പ്രധാനമന്ത്രി നയിക്കുന്ന വാർഷിക പരിപാടിയാണിത്.

- സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് പ്രകാരം 2024-ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സമുദ്ര മത്സ്യലഭ്യതയുള്ള സംസ്ഥാനം

**ഗുജറാത്ത്** (7.54 ലക്ഷം ടൺ)

  - രണ്ടാം സ്ഥാനത്ത് - **തമിഴ്നാട്** (6.79 ലക്ഷം ടൺ)
  - മൂന്നാം സ്ഥാനത്ത് - **കേരളം** (6.10 ലക്ഷം ടൺ)
  - റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ലഭ്യമാകുന്ന മത്സ്യം - **അയല**
  - കേരളത്തിൽ ഏറ്റവും കൂടുതൽ ലഭ്യമാകുന്നത് - **മത്തി**

- 2025-ൽ പുറത്തുവിട്ട ഇന്ത്യ ഇലക്ട്രിക് മൊബിലിറ്റി ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ളത്

**ഡൽഹി**

  - രണ്ടാം സ്ഥാനത്ത് - **മഹാരാഷ്ട്ര**
  - മൂന്നാം സ്ഥാനത്ത് - **ചണ്ഡീഗഢ്**
  - കേരളം, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ 19-ാം സ്ഥാനത്താണ്.
  - 2024 വർഷത്തെ അടിസ്ഥാനമാക്കി നീതി ആയോഗാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്

## International

- 2025 ആഗസ്റ്റിൽ യു.എസ്. ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് മേൽ ചുമത്തിയ പുതുക്കിയ ഇറക്കുമതി ചുങ്കം

**50%**

  - റഷ്യൻ എണ്ണ ഇറക്കുമതി ചെയ്തതിന്റെ പേരിൽ 25% ഇറക്കുമതി ചുങ്കം ഉയർത്തി.
  - യു.എസ്. ഏറ്റവും ഉയർന്ന ഇറക്കുമതി ചുങ്ക നിരക്കാണ് ഇന്ത്യയ്ക്ക് ചുമത്തിയിരിക്കുന്നത്. കൂടാതെ ബ്രസീലിനും ഇറക്കുമതി ചുങ്കം 50% മാണ്.

## Science & Technology

- അടുത്തിടെ അസം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത പർപ്പിൾ നിറത്തിലുള്ള അരിയിനം

**ലബന്യ**

  - ഉയർന്ന വിളവ് നൽകുന്ന നെല്ലിനമാണിത്.

## Sports

- 2025 ഹംഗേറിയൻ ഗ്രാൻഡ് പ്രിക്സിൽ ജേതാവായത്

**ലാൻഡോ നോറിസ്**

## Today's MCQ

1. ഏറ്റവും കൂടുതൽ കാലം കേന്ദ്ര ആഭ്യന്തരമന്ത്രി പദത്തിലിരുന്ന വ്യക്തി

   (a) അമിത് ഷാ  (b) എസ്. ജയശങ്കർ

   (c) രാജ്നാഥ് സിംഗ്  (d) എൽ.കെ. അദ്വാനി

2. 2025 ആഗസ്റ്റിൽ മിന്നൽപ്രളയമുണ്ടായ ഉത്തരാഖണ്ഡിലെ ഗ്രാമം

   (a) ജോഷിമഠ്  (b) ധരാലി

   (c) മന  (d) അൽമോറ

**Ans : 1 (a), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
09




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 09.08.2025

## Important Days

- **ആഗസ്റ്റ് 9 നാഗസാക്കി ദിനം**
  - രണ്ടാം ലോക മഹായുദ്ധത്തിന്റെ ഭാഗമായി 1945 ആഗസ്റ്റ് 9-ന് ജപ്പാനിലെ നാഗസാക്കിയിൽ അമേരിക്ക ഫാറ്റ്മാൻ എന്ന അണുബോംബ് വർഷിച്ചു. ഇതിന്റെ സ്മരണയ്ക്കായി നാഗസാക്കി ദിനം ആചരിക്കുന്നു.

## Kerala

- നിലവിലെ മെഡിസെപ്പ് പരിരക്ഷ

**5 ലക്ഷം**

  - 3 ലക്ഷമായിരുന്നതിനെ 5 ലക്ഷമായി ഉയർത്തി
  - സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയാണിത്
  - 2022-ലാണ് നിലവിൽ വന്നത്

## Book & Author

- 'Ghosts of Hiroshima' എന്ന പുസ്തകത്തിന്റെ രചയിതാവ്

**ചാൾസ് പെല്ലെഗ്രിനോ**

  - ഹിരോഷിമയിലെയും നാഗസാക്കിയിലെയും അണുബോംബ് ആക്രമണത്തിന്റെ പശ്ചാത്തലത്തിലൊരുങ്ങിയ കഥയാണ് ഗോസ്റ്റസ് ഓഫ് ഹിരോഷിമ.
  - The Last Train from Hiroshima എന്ന പുസ്തകം രചിച്ചതും ഇദ്ദേഹമാണ്.
  - ഈ പുസ്തകങ്ങളെ ആസ്പദമാക്കി ജെയിംസ് കാമറൂൺ സിനിമ സംവിധാനം ചെയ്യുന്നു.
- 'The Man Who Fed India' എന്ന പുസ്തകം രചിച്ചത്

**പ്രിയംവദ ജയകുമാർ**

  - എം.എസ്. സ്വാമിനാഥന്റെ ജീവചരിത്രമാണിത്.

## Award

- പ്രഥമ എം.എസ്. സ്വാമിനാഥൻ അവാർഡ് ഫോർ ഫുഡ് ആന്റ് പീസിന് അർഹനായത്

**Ademola A Adenle** (നൈജീരിയൻ ശാസ്ത്രജ്ഞൻ)

  - എം.എസ്. സ്വാമിനാഥന്റെ 100-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ആരംഭിച്ച പുരസ്കാരമാണിത്
  - ഭക്ഷ്യ സുരക്ഷയ്ക്ക് ഗണ്യമായ സംഭാവന നൽകുന്ന വികസ്വര രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്.

## National

- Gandhi Before India, Gandhi : The Years that changed the world എന്നീ പുസ്തകങ്ങളെ ആസ്പദമാക്കി ഹൻസൽ മേത്ത സംവിധാനം ചെയ്ത സീരിസ്

**ഗാന്ധി**

- പുസ്തകത്തിന്റെ രചയിതാവ് - **രാമചന്ദ്ര ഗുഹ**
- സീരിസിൽ മഹാത്മാഗാന്ധിയായി വേഷമിടുന്നത് - **പ്രതീക് ഗാന്ധി**
- സീരിസ് ടൊറന്റോ ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

(ആദ്യമായി ടൊറന്റോ ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സീരിസ്)

- 2025-ൽ ഒഡീഷ കൈത്തറിയുടെ ബ്രാൻഡ് അംബാസഡറായി നിയമിതയായത്

**മാധുരി ദീക്ഷിത്**

- ദേശീയ കൈത്തറി ദിനം - **ആഗസ്റ്റ് 7**

- കേന്ദ്ര കായിക ബില്ലിലെ പുതിയ ഭേദഗതി പ്രകാരം വിവരാവകാശ നിയമ പരിധിയിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര കായിക സംഘടന

**ബി.സി.സി.ഐ**

## International

- 2025 SCO ഉച്ചകോടി വേദി

**ടിയാൻജിൻ** (ചൈന)

- 2024-ലെ വേദി - **അസ്താന** (കസാഖിസ്ഥാൻ)
- SCO - **ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ**
- സ്ഥാപിതമായത് - 2001
- ആസ്ഥാനം - **ബീജിംഗ്**

## Sports

- യു.എസ്. ഓപ്പൺ സിംഗിൾസ് ജേതാക്കൾക്ക് ലഭിക്കുന്ന സമ്മാനത്തുക

**50 ലക്ഷം യു.എസ്. ഡോളർ** (ഏകദേശം 44 കോടി രൂപ)

- ഏറ്റവും ഉയർന്ന സമ്മാനത്തുകയുള്ള ഗ്രാൻഡ്സ്ലാം ടൂർണമെന്റാണിത്.

## Today's MCQ

1. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് പ്രകാരം 2024-ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സമുദ്ര മത്സ്യലഭ്യതയുള്ള സംസ്ഥാനം

(a) തമിഴ്നാട് (b) ഗുജറാത്ത്

(c) കേരളം (d) മഹാരാഷ്ട്ര

2. 2025-ൽ പുറത്തുവിട്ട ഇന്ത്യ ഇലക്ട്രിക് മൊബിലിറ്റി ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ളത്

(a) മഹാരാഷ്ട്ര (b) ചണ്ഡീഗഢ്

(c) ഡൽഹി (d) കേരളം

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
10

GPT-5

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 10.08.2025

## Kerala

- 2025-ൽ കേരളത്തിൽ സംഘടിപ്പിച്ച ഗവേഷണ വികസന ഉച്ചകോടിയുടെ വേദി

  **തിരുവനന്തപുരം**

  - കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചത്
  - ഈ ഉച്ചകോടിയിൽ വച്ച് 2023-ലെ കേരള ശാസ്ത്ര പുരസ്കാരവും സമ്മാനിച്ചു.
  - 2023-ലെ കേരള ശാസ്ത്ര പുരസ്കാരം നേടിയത് – **എസ്. സോമനാഥ്**
  - സമ്മാനം – 2 ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകൽപ്പന ചെയ്ത ശിൽപ്പവും
- അന്താരാഷ്ട്ര ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ നിലവിൽ വരുന്ന കാമ്പസ്

  **കാര്യവട്ടം കാമ്പസ്**

  - താളിയോലകൾ സംരക്ഷിക്കുന്നതിനായാണിത് സജ്ജമാകുന്നത്
  - ഇന്ത്യയിലെ ആദ്യ താളിയോല മ്യൂസിയം – **തിരുവനന്തപുരം**
- സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി കണ്ടെത്താൻ വിജിലൻസ് നടത്തിയ പരിശോധന

  **ഓപ്പറേഷൻ സെക്വർ ലാൻഡ്**

## National

- ഇന്ത്യയിലെ ആദ്യ സ്ലാലോം കോഴ്സ് സ്ഥാപിതമാകുന്നത്

  **Ri Bhoi** (മേഘാലയ)

  - ജല കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് നിലവിൽ വരുന്നത്
  - ഉംതാം നദിയിലാണ് നിലവിൽ വരുന്നത്
- 17-ാമത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് വിജ്ഞാപനമായി
  - വിജ്ഞാപനം വന്നത് – **2025 ആഗസ്റ്റ് 7**
  - തിരഞ്ഞെടുപ്പ് (ആവശ്യമെങ്കിൽ) – **2025 സെപ്റ്റംബർ 9**
  - വോട്ടെണ്ണൽ (ആവശ്യമെങ്കിൽ) – **2025 സെപ്റ്റംബർ 9**
  - ജഗദീപ് ധൻഖർ രാജിവച്ചതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ്

## International

- പതിറ്റാണ്ടുകൾ നീണ്ട യുദ്ധത്തിനൊടുവിൽ 2025-ൽ സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ച രാജ്യങ്ങൾ

  **അർമേനിയ, അസർബൈജാൻ**

  - വൈറ്റ് ഹൗസിൽ വച്ച് നടന്ന ചർച്ചയിലാണ് യുദ്ധം അവസാനിപ്പിക്കാൻ തീരുമാനിച്ചത്

## Science & Technology

- ഓപ്പൺ എ.ഐ. യുടെ ഏറ്റവും പുതിയ എ.ഐ. മോഡൽ

**GPT - 5**

  - GPT-5, GPT-5 Mini, GPT-5 Nano എന്നീ സൈസുകളിലുള്ളവയാണ് ലഭ്യമാകുക

## Space

- ശ്രീഹരിക്കോട്ടയിൽ ഇന്ത്യയുടെ 3-ാമത്തെ ലോഞ്ച് പാഡ് 2029-ഓടെ പ്രവർത്തന സജ്ജമാകും.
  - NGLV (നെക്സ്റ്റ് ജനറേഷൻ ലോഞ്ച് വെഹിക്കിൾസ്) വിക്ഷേപിക്കാനായിട്ടാണ് ഇത് സജ്ജമാകുന്നത്
- ബ്ലൂബേഡ് ഉപഗ്രഹം വിക്ഷേപിക്കുന്നത്

**ISRO**

  - GSLV മാർക്ക് 3 റോക്കറ്റ് ഉപയോഗിച്ച് ശ്രീഹരികോട്ടയിൽ നിന്ന് വിക്ഷേപിക്കും
  - അമേരിക്കയിലെ എ.എസ്.ടി. സ്പേസ് മൊബൈൽസിന്റെ ഉപഗ്രഹമാണിത്.

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച മുൻ കേരള രഞ്ജി ട്രോഫി താരം

**വി. മണികണ്ഠ കുറുപ്പ്**

## Today's MCQ

1. കേരളത്തിലെ നിലവിലെ മെഡിസെപ്പ് പരിരക്ഷ

   (a) 5 ലക്ഷം　　(b) 2 ലക്ഷം

   (c) 1 ലക്ഷം　　(d)8 ലക്ഷം

2. 2025 SCO ഉച്ചകോടി വേദി

   (a) കറാച്ചി　　(b) ടിയാൻജിൻ

   (c) ന്യൂഡൽഹി　　(d) അസ്താന

   **Ans : 1 (a), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
11-12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 11.08.2025 & 12.08.2025

## Important Event

- **ആഗസ്റ്റ് 12 – അന്താരാഷ്ട്ര യുവജന ദിനം**
  - ലോകമെമ്പാടുമുള്ള യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് അവബോധം വളർത്തുന്നതിനായി എല്ലാവർഷവും ആഗസ്റ്റ് 12 അന്താരാഷ്ട്ര യുവജന ദിനമായി ആചരിക്കുന്നു.
  - 2025 പ്രമേയം – **Local Youth Actions for the SDGs and Beyond**

## Kerala

- 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം

  **വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടി**
  - 70-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം – **വള്ളം തുഴയുന്ന നീലപൊന്മാൻ**
  - 70-ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ വിജയിച്ചത് – **കാരിച്ചാൽ ചുണ്ടൻ**
- സംസ്ഥാനത്ത് ആദ്യമായി ഹരിത ബജറ്റ് അവതരിപ്പിക്കാനൊരുങ്ങുന്ന കോർപറേഷൻ

  **തിരുവനന്തപുരം**
  - നഗരത്തിലെ കാർബൺ ബഹിർഗമനം പൂർണമായി ഇല്ലാതാക്കുന്നതിനും കാലാവസ്ഥ വ്യതിയാനം കാരണമുള്ള ആഘാതങ്ങൾക്ക് പരിഹാരം കാണാനുമുള്ള നിർദ്ദേശങ്ങളാണ് ബജറ്റിന്റെ ഉള്ളടക്കം.
  - ഇതിന്റെ ഭാഗമായി നഗരത്തിൽ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വിത്ത് പന്തുകൾ വിതരണം ചെയ്യും.
- കുടുംബങ്ങളിലെ സന്തോഷം ഇരട്ടിപ്പിക്കാൻ ലക്ഷ്യമിട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതി

  **ഹാപ്പി കേരളം**
  - പദ്ധതി ഇനി നഗരത്തിലേക്കും എത്തും.
  - നഗരപ്രദേശങ്ങളിലെ തിരഞ്ഞെടുത്ത 14 മാതൃക സി.ഡി. എസുകളിൽ ആദ്യം നടപ്പാക്കും.

## Awards

- 18-ാമത് മലയാറ്റൂർ അവാർഡിന് അർഹനായത്

  **ഇ. സന്തോഷ് കുമാർ**

  (നോവൽ – **തപോമയിയുടെ അച്ഛൻ**)
  - മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരമാണിത്.
  - പുതുതലമുറയിലെ ശ്രദ്ധേയരായ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസിന് അർഹനായത്

    **സലിൻ മാങ്കുഴി** (നോവൽ – **ആനന്ദലീല**)

## National

- ജമ്മു കാശ്മീരിലെ കുൽഗാം ജില്ലയിലെ അഖൽ വനപ്രദേശത്ത് ഇന്ത്യൻ സൈന്യം ആരംഭിച്ച സൈനിക നടപടി

  **ഓപ്പറേഷൻ അഖൽ**
  - ഭീകരരുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള രഹസ്യ വിവരത്തെ തുടർന്നാണ് തിരച്ചിൽ നടപടി
  - ഓപ്പറേഷൻ അഖലിന്റെ ഭാഗമായുള്ള ഏറ്റുമുട്ടലിൽ അന്തരിച്ച ഇന്ത്യൻ സൈനികർ

    **ലാൻസ് നായിക് പ്രിത്പാൽ സിങ്, ഹർമിന്ദർ സിങ്**

- 38-ാമത് ബൊഗോട്ട അന്താരാഷ്ട്ര പുസ്തകമേള 2026-ൽ **'ഗസ്റ്റ് ഓഫ് ഓണർ'** രാജ്യമായി ഇന്ത്യ പങ്കെടുക്കും.
  - കൊളംബിയയിലെ ബൊഗോട്ടയിലാണ് മേള നടക്കുന്നത്.

## International

- നേപ്പാളിൽ റൈസ് ഫോർട്ടിഫിക്കേഷനും വിതരണ ശൃംഖലയും ശക്തിപ്പെടുത്തുന്നതിനായി UNWFP-യുമായി സഹകരിക്കുന്ന രാജ്യം

  **ഇന്ത്യ**
  - UNWFP - **UN World Food Programme**

## Science & Technology

- അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം ശുദ്ധജല ഞണ്ടുകൾ

  **കാസർഗോഡിയ ഷീബേ, പിലാർട്ട വാമൻ**
  - കാസർഗോട്ടെ റാണിപുരം ഹിൽസ്റ്റേഷനിൽ നിന്നും തെക്കൻ പശ്ചിമഘട്ടത്തിലെ ഗവി മേഖലയിൽ നിന്നുമാണ് ഞണ്ടുകളെ കണ്ടെത്തിയത്.

## Defence

- 2025 ആഗസ്റ്റിൽ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യുന്ന ഇന്ത്യൻ നാവികസേന കപ്പലുകൾ

  **INS ഉദയഗിരി, INS ഹിമഗിരി**
  - പ്രോജക്ട് 17 എ സ്റ്റെൽത്ത് ഫ്രിഗേറ്റുകളുടെ ഭാഗമായ ഇന്ത്യൻ നാവിക കപ്പലുകളാണിവ.

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച ജാപ്പനീസ് ഫുട്ബോൾ താരം

  **Kunishige Kamamoto**
- 2025 ആഗസ്റ്റിൽ അന്തരിച്ച അമേരിക്കൻ ബഹിരാകാശ സഞ്ചാരി

  **ജിം ലോവൽ**
  - ജെമിനി - 7, ജെമിനി -12, അപ്പോളോ - 8, അപ്പോളോ - 13 എന്നിവയുടെ ഭാഗമായിരുന്നു അദ്ദേഹം

## Today's MCQ

1. 2025-ൽ കേരളത്തിൽ സംഘടിപ്പിച്ച ഗവേഷണ വികസന ഉച്ചകോടിയുടെ വേദി

   (a) കോഴിക്കോട് (b) തിരുവനന്തപുരം

   (c) എറണാകുളം (d) പാലക്കാട്

2. സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി കണ്ടെത്താൻ വിജിലൻസ് നടത്തിയ പരിശോധന

   (a) ഓപ്പറേഷൻ സെക്വർ ലാൻഡ് (b) ഓപ്പറേഷൻ ജാസൂസ്

   (c) ഓപ്പറേഷൻ ക്ലീൻ വീൽസ് (d) ഓപ്പറേഷൻ പെട്രോമാക്സ്

**Ans : 1 (b), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
13-14




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 13.08.2025 & 14.08.2025

## Important Event

- **ലോക അവയവദാന ദിനം - ആഗസ്റ്റ് 13**
  - അവയവദാനത്തിന്റെ പ്രാധാന്യം ഉയർത്തി കാട്ടുന്നതിന് ആഗസ്റ്റ് 13 അവയവദാന ദിനമായി ആചരിക്കുന്നു.
  - പ്രമേയം - **Answering The Call**

## Kerala

- കെ-ഫോണിന്റെ ഭാഗ്യചിഹ്നം

  **ഫിബോ** (കടുവ)
  - K-FON - **കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്**
  - K-FON ഉദ്ഘാടനം ചെയ്തത് - **2023**
- 3-ാമത് അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവൽ വേദി

  **കൊച്ചി**
  - തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കചടതപ ഫൗണ്ടേഷനും കേരള ലളിതകലാ അക്കാദമിയും സംയുക്തമായാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

## Banking

- വാർഷിക ബിസിനസ് ഒരു ലക്ഷം കോടി രൂപ കവിഞ്ഞ ഇന്ത്യയിലെ ആദ്യ മിസലേനിയസ് ബാങ്കിംഗ് ഇതര ധനകാര്യ കമ്പനി

  **KSFE**
  - KSFE - **കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്**
  - സ്ഥാപിതമായത് - **1969**
  - ആസ്ഥാനം - **തൃശൂർ**
  - KSFE-യുടെ മൊബൈൽ ആപ്ലിക്കേഷൻ - KSFE Power

## Awards

- 2025-ൽ 3-ാമത് അയ്യങ്കാളി പ്രതിഭാ പുരസ്കാരം നേടിയത്

  **പ്രസീത ചാലക്കുടി**
  - സമ്മാനത്തുക - **25000 രൂപ**
  - വെങ്ങാനൂർ അയ്യങ്കാളി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിസ്റ്റോറിക്കൽ സ്റ്റഡീസാണ് പുരസ്കാരം ഏർപ്പെടുത്തിയത്

- തിരുവനന്തപുരം നാട്യവേദ സെന്റർ ഫോർ പെർഫോമിങ് ആർട്സിന്റെ പ്രഥമ പുരസ്കാരത്തിന് അർഹയായത്

  **പദ്മ സുബ്രഹ്മണ്യം** (ഭരതനാട്യം നർത്തകി)

  - സമ്മാനത്തുക - **1 ലക്ഷം രൂപ**
  - 2024-ൽ പത്മവിഭൂഷൺ ലഭിച്ചു

- 2025-ൽ കേരള ബാലസാഹിത്യ അക്കാദമിയുടെ ഉല്ലലബാബു പുരസ്കാരത്തിന് അർഹനായത്

  **ആലങ്കോട് ലീലാകൃഷ്ണൻ** (കൃതി : പൂവും കായും)

## National

- ഇന്ത്യയിലെ ആദ്യ അനിമൽ സ്റ്റെം സെൽ ബയോബാങ്ക് നിലവിൽ വന്നത്

  **ഹൈദരാബാദ്**

- 2025 ലോക സിംഹ ദിനത്തിന്റെ ദേശീയ ആഘോഷത്തിന് വേദിയായത്

  **ബർദ വന്യജീവി സങ്കേതം** (ഗുജറാത്ത്, ദ്വാരക)

  - ആഗസ്റ്റ് 10 - **ലോക സിംഹദിനം**
  - പ്രോജക്ട് ലയൺ ആരംഭിച്ചത് - **2020 ഓഗസ്റ്റ് 15**

- മയക്കുമരുന്ന് കള്ളക്കടത്ത് തടയാൻ ബാങ്ക് അഖ് ആന്റി-ഡ്രോൺ സിസ്റ്റം ആരംഭിച്ച സംസ്ഥാനം

  **പഞ്ചാബ്**

## International

- 2025 ആഗസ്റ്റിൽ ആഫ്രിക്കൻ ട്രൈപനോസോമിയാസിസ് (സ്ലിപ്പിംഗ് സിക്ക്നസ്) ഇല്ലാതാക്കിയ രാജ്യമായി WHO പ്രഖ്യാപിച്ച രാജ്യം

  **കെനിയ**

- ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ സ്പോർട്സ് ചിത്രം

  **എഫ് 1 : ദ മൂവി**

## Sports

- പോൾവാട്ടിലെ ലോക റെക്കോർഡ് വീണ്ടും തിരുത്തിയത്

  **അർമാൻഡ് ഡുപ്ലാന്റിസ്**

  - 6.29 മീറ്റർ ചാടി സ്വന്തം റെക്കോർഡ് മറികടന്നു
  - 2024 പാരീസ് ഒളിംപിക്സിലെ സ്വർണ ജേതാവാണ്
  - 2025 ലോറൻസ് സ്പോർട്സ് അവാർഡിൽ Sportsman of the year നേടി.

- 2025 ആഗസ്റ്റിലെ റിപ്പോർട്ട് പ്രകാരം ഫിഫ വനിത റാങ്കിംഗിൽ ഒന്നാമതുള്ളത്

  **സ്പെയിൻ**

  - രണ്ടാമത് - **യു.എസ്.എ.**
  - മൂന്നാമത് - **സ്വീഡൻ**
  - ഇന്ത്യ - **63-ാമത്**

- 2025-ൽ കോണ്ടിനെന്റൽ ടൂർ അത്‌ലറ്റിക്സിന് വേദിയാകുന്നത്

  **ഭുവനേശ്വർ**

  - ഇന്ത്യ ഈ ഈവന്റിന് വേദിയാകുന്നത് ആദ്യം
  - ഈ ഈവന്റിൽ മലയാളിയായ എം. ശ്രീശങ്കർ ലോങ്ജംപിൽ സ്വർണം നേടി.

## Today's MCQ

1. 18-ാമത് മലയാറ്റൂർ അവാർഡിന് അർഹനായത്

   (a) സന്തോഷ് ഏച്ചിക്കാനം (b) എം.കെ. സാനു

   (c) ഇ. സന്തോഷ് കുമാർ (d) ആദർശ്. ഇ

2. 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം

   (a) വള്ളം തുഴഞ്ഞ് നീങ്ങുന്ന കുട്ടിയാന

   (b) വള്ളം തുഴഞ്ഞ് നീങ്ങുന്ന അണ്ണാറക്കണ്ണൻ

   (c) വള്ളം തുഴഞ്ഞ് നീങ്ങുന്ന നീല പൊന്മാൻ

   (d) വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടി

   **Ans : 1 (c), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
15



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Important Event

- **ആഗസ്റ്റ് 15 – ഇന്ത്യൻ സ്വാതന്ത്ര്യദിനം**
  - 79-ാമത് സ്വാതന്ത്ര്യദിനം (78-ാമത് വാർഷികം)
  - 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായതിന്റെ ഓർമ്മ പുതുക്കലായി സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു.

## Kerala

- ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനം

  **കേരളം**
  - 2025 ആഗസ്റ്റ് 21 ന് പ്രഖ്യാപനം നടത്തും.
  - സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് സർക്കാർ നടപ്പാക്കുന്ന പദ്ധതി – **ഡിജി കേരള**
- **ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തി**
  - വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയാണ് 2025 ആഗസ്റ്റിൽ നടത്തിയത്.
  - ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ വിവിധ പേരുകളിൽ അറിയപ്പെടുന്ന പരിശോധനകൾക്കെല്ലാം പൊതുവായി നൽകിയ പേരാണ് ഓപ്പറേഷൻ ലൈഫ്

## Awards

- **സംസ്ഥാന കർഷക അവാർഡുകൾ 2024**
  - സി. അച്യുത മേനോൻ അവാർഡ് (മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനം)

    **മീനങ്ങാടി ഗ്രാമ പഞ്ചായത്ത്** (വയനാട്) (സമ്മാനത്തുക – 10 ലക്ഷം)
  - വി.വി. രാഘവൻ സ്മാരക പുരസ്കാരം (മികച്ച കൃഷിഭവൻ) – **താനാളൂർ കൃഷിഭവൻ** (മലപ്പുറം) (സമ്മാനത്തുക – 5 ലക്ഷം)
  - എം.എസ്. സ്വാമിനാഥൻ അവാർഡ് (കാർഷിക ഗവേഷണം) – **മിനിമോൾ ജെ.എസ്.**
  - പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്

    **തുമ്പിടി കരിപ്പായി പാടശേഖര നെല്ലുൽപ്പാദക സമിതി** (പാലക്കാട്)
  - സി.ബി. കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് – **സി.ജെ. സ്കറിയ പിള്ള**
  - കേര കേസരി അവാർഡ് – **എൻ. മഹേഷ് കുമാർ**
  - കർഷക തിലകം – **വാണി വി.**
  - ട്രാൻസ് ജെൻഡർ അവാർഡ് – **വിനോദിനി**
  - കേരള കൃഷി വകുപ്പ് മന്ത്രി – **പി. പ്രസാദ്**

## Sports

- 2025 ആഗസ്റ്റിൽ പുറത്തുവിട്ട ICC പുരുഷ ഏകദിന ബാറ്റർമാരുടെ റാങ്കിംഗിൽ ഒന്നാമതുള്ളത്

  **ശുഭ്മാൻ ഗിൽ**
  - 2-ാമത് - **രോഹിത് ശർമ്മ**
  - 4-ാമത് - **വിരാട് കോലി**
- 2025 വനിത ഏകദിന ലോകകപ്പിന്റെ ഉദ്ഘാടന മത്സരങ്ങൾക്ക് വേദിയാകുന്നത്

  **ഗ്രീൻഫീൽഡ് സ്റ്റേഡിയം** (തിരുവനന്തപുരം)
  - ബാംഗ്ലൂർ നടത്താനിരുന്ന മത്സരമാണ് തിരുവനന്തപുരത്തേക്ക് മാറ്റിയത്
  - ഉദ്ഘാടന മത്സരത്തിൽ ഇന്ത്യയും ശ്രീലങ്കയും ഏറ്റുമുട്ടും.
- ഗ്രാന്റ് മാസ്റ്ററെ പരാജയപ്പെടുത്തിയ ഏറ്റവും പ്രായം കുറഞ്ഞ താരം

  **ബോധനാ ശിവാനന്ദൻ**
  - പീറ്റർ വെൽസിനെയാണ് പരാജയപ്പെടുത്തിയത്.

## Demise

- 2025 ആഗസ്റ്റിൽ അന്തരിച്ച മുൻ ഇന്ത്യൻ ഹോക്കി താരം

  **Vece Paes**
  - 1972 മ്യൂണിച്ച് ഒളിംപിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായിരുന്നു.
  - ലിയാണ്ടർ പേസിന്റെ പിതാവാണ്.

## Today's MCQ

1. കെ-ഫോണിന്റെ ഭാഗ്യചിഹ്നം

   (a) അമ്മു (b) മൗലി

   (c) ഫിബോ (d) ഫാബിയോ

2. 2025 ആഗസ്റ്റിലെ റിപ്പോർട്ട് പ്രകാരം ഫിഫ വനിത റാങ്കിംഗിൽ ഒന്നാമതുള്ളത്

   (a) സ്പെയിൻ (b) യു.എസ്.എ.

   (c) സ്വീഡൻ (d) ഇന്ത്യ

**Ans : 1 (c), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

August
16-17



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES
# 16.08.2025 & 17.08.2025

## Kerala

- സർക്കാർ സ്കൂളുകളിലെ ആദ്യത്തെ എ.ഐ. റോബോട്ടിക് ലാബ് സ്ഥാപിച്ച സ്കൂൾ

  **പുറത്തൂർ ഗവ.യു.പി.എസ്** (മലപ്പുറം)

## Appointments

- മലയാള താരസംഘടനയായ ' AMMA'യുടെ ആദ്യ വനിത പ്രസിഡന്റ്

  **ശ്വേതാ മേനോൻ**

  - ജനറൽ സെക്രട്ടറി - **കുക്കു പരമേശ്വരൻ**
  - AMMA - **അസോസിയേഷൻ ഓഫ് മലയാളം മൂവി ആർട്ടിസ്റ്റ്**

## National

- **79-ാമത് സ്വാതന്ത്ര്യദിനം (78-ാമത് വാർഷികം)**
  - 2025 ആഗസ്റ്റ് 15-ന് നരേന്ദ്രമോദി ചെങ്കോട്ടയിൽ പതാകയുയർത്തി
  - 103 മിനിറ്റ് നീണ്ട സ്വാതന്ത്ര്യദിന പ്രസംഗം നരേന്ദ്ര മോദി നടത്തി (ഏറ്റവും ദൈർഘ്യമേറിയ സ്വാതന്ത്ര്യദിന പ്രസംഗം)
  - പ്രമേയം - **നയാ ഭാരത്**

  **സ്വാതന്ത്ര്യദിന പ്രസംഗത്തിൽ മോദി നടത്തിയ പ്രധാന പ്രഖ്യാപനങ്ങൾ**

  - 2025 ഒക്ടോബറോടെ ജി.എസ്.ടി. പരിഷ്കരണങ്ങൾ നടപ്പാക്കും.
  - പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജന പദ്ധതി

    (സ്വകാര്യ മേഖലയിൽ ആദ്യമായി ജോലി നേടുന്ന യുവജനങ്ങൾക്ക് 15,000 രൂപ ഇൻസെന്റീവ് നൽകും)
  - മിഷൻ സുദർശൻ ചക്ര ആരംഭിക്കും. (രാജ്യത്തിന്റെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പദ്ധതി പ്രഖ്യാപിച്ചത്)
  - രാഷ്ട്രീയ സുരക്ഷാ കവചം എന്നും പദ്ധതി അറിയപ്പെടുന്നു
  - മെയ്ഡ് ഇൻ ഇന്ത്യ സെമി കണ്ടക്ടർ ചിപ്പ് പുറത്തിറക്കും

- 2025 ആഗസ്റ്റിൽ സ്ത്രീ ശക്തി പദ്ധതി ആരംഭിച്ച സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

  - സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജൻഡേഴ്സിനും സർക്കാർ ബസുകളിൽ സൗജന്യ യാത്ര നൽകുന്ന പദ്ധതിയാണിത്
  - ഗുണഭോക്താക്കൾ ആന്ധ്രയിൽ സ്ഥിരതാമസക്കാരായിരിക്കണം.

- അടുത്തിടെ മിന്നൽ പ്രളയമുണ്ടായ ചഷോത്തി ഗ്രാമം സ്ഥിതി ചെയ്യുന്നത്

  **ജമ്മു-കാശ്മീർ**

## International

- 2025-ൽ കരയാൽ ചുറ്റപ്പെട്ട വികസ്വര രാഷ്ട്രങ്ങളുടെ മൂന്നാമത് ഐക്യരാഷ്ട്ര സമ്മേളനത്തിന് വേദിയായത്

  **ആവാസ** (തുർക്ക്മെനിസ്ഥാൻ)

- 2025 മിസ് യൂണിവേഴ്സിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ പാലസ്തീൻകാരി

  **നദീൻ അയ്യൂബ്**

## Space

